**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**11 JANUARY 2019**

**04 JAMAD'UL AWWAL 1440 AH**

# POVERTY, SILENCE AND FAITH

## ദാരിദ്ര്യവും, നിശ്ശബ്ദതയും വിശ്വാസവും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***ദാരിദ്ര്യവും, നിശ്ശബ്ദതയും വിശ്വാസവും*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ വീക്ഷണത്തിൽ ഉന്നതമായ സ്ഥാനമാനങ്ങളുടെ ആളുകളുണ്ട്. അവർ (വി.വി.ഐ.പി.) വളരെ വളരെ പ്രധാനപ്പെട്ട ആളുകളാണ്. അവർ അല്ലാഹുവിനെ സ്നേഹിക്കുന്നു. അല്ലാഹു അവരെയും സ്നേഹിക്കുന്നു. ജനങ്ങളാൽ അടിച്ചമർത്തപ്പെട്ടവരാണവർ, മറ്റുള്ളവരുടെ അധികാരത്തിൽ കീഴിൽ ചതച്ചരയ്ക്കപ്പെട്ടവരാണവർ. ഇത്തരം ആളുകളോട് നാം വളരെ നിലയിൽ വർത്തിക്കേണ്ടതാണ്. തന്റെ പ്രതിനിധിയായി, യമനിലെ ഗവർണ്ണറായി നിശ്ചയിച്ച മുആദ് ബന് ജബൽ (റ) നോട് പരിശുദ്ധപ്രവാചകൻ ഹസ്രത് മുഹമ്മദ് മുസ്തഫ (സ) പറഞ്ഞ ഉപദേശം ഇങ്ങനെയാണ്. തിരുദൂതൻ (സ) മുആദ് (റ)ന്റെ കുതിരയുടെ ജീനി പിടിച്ചുകൊണ്ട് അദ്ദേഹത്തിന് ചില ഉപദേശങ്ങൾ നല്കിയതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അടിച്ചമർത്തപ്പെട്ടവരുടെ ശാപത്തെപറ്റി, നല്ലബോധ്യമുണ്ടായിരിക്കണം. അല്ലാഹുവിനും ഈ പ്രാർത്ഥനയ്ക്കുമിടയിൽ ഒരു മറയും ഉണ്ടായി

രിക്കില്ല. എന്ന് പരിശുദ്ധ പ്രവാചകൻ തറപ്പിച്ചു പറയുകയുണ്ടായി. (ബുഖാരി, മുസ്ലിം)

തിരുദൂതൻ (സ) പറഞ്ഞു. അടിച്ചമർത്തപ്പെട്ടവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കപ്പെടുന്നതാണ്. അവൻ ദുർവൃത്തനാണെങ്കിൽ പോലും, അവന്റെ ദുർവൃത്തി അവനെതിരിൽ മാത്രമുള്ളതാകുന്നു. (അഹ്മദ്)

ഇബ്ന് ഹിബ്ബാൻ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. തിരുദൂതൻ (സ) പറഞ്ഞു. വിധി നാളിൽ അല്ലാഹു(ത) പാവപ്പെട്ടവരെ വിളിക്കുന്നതാണ്. അവരെ അവൻ ആദ്യമായി സ്വർഗ്ഗത്തിൽ കൊണ്ടു വരുന്നതാണ്. ഒരു കണക്കും ചോദിക്കാതെ! എന്നാൽ പണക്കാരും നേതാക്കന്മാരും അവർ കാത്തുനില്ക്കേണ്ടതായിട്ടുവരും എന്നിട്ട് അവരുടെ കണക്കുകൾ നോക്കുന്നതാണ്. നമ്മുടെ തിരുദൂതൻ (സ) പറഞ്ഞു. പണക്കാർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് 500വർഷം മുമ്പ് പാവപ്പെട്ടവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. (തിർമിദി)

തിരുമേനി(സ) പറഞ്ഞു. പാവപ്പെട്ടവരും ദുർബലരുമായവരിൽ നിങ്ങൾ എന്നെ അന്വേഷിക്കുക. സത്യമായും നിങ്ങളിലെ പാവപ്പെട്ടവരും ദുർബലരുമായവർക്ക് നല്കുന്നതിലൂടെയാണ് നിങ്ങൾക്ക് വിജയം നല്കപ്പെട്ടിരിക്കുന്നത് (അബൂദാവൂദ്)

സ്വയം പ്രതിരോധിക്കുവാൻ കഴിയാത്തവർക്കു വേണ്ടി അല്ലാഹു സ്വയം പ്രതിരോധിക്കുന്നു. സ്വയം പ്രതിരോധിക്കൽ അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇസ്ലാമിന്റെ മഹത്വം, നമ്മെ പഠിപ്പിക്കുന്നത് (വ്യർത്ഥമായ) ചർച്ചകളിൽ നിന്നും തർക്കങ്ങളിൽ നിന്നും പിന്മാറുവാനും നിശ്ശബ്ദത പാലിക്കുവാനുമാകുന്നു.

അല്ലാഹു(ത) പരിശുദ്ധപ്രവാചകൻ (സ) യ്ക്ക് സുരക്ഷ തീർത്തത് പ്രതിരോധം തീർത്തത് തൗർഗുഹയിലെ ചിലന്തിവലകൊണ്ടും പ്രാവിന്റെ മുട്ടകൾ കൊണ്ടുമാണ്. മൂസാനബി(അ)ന്റെ ജനതയ്ക്കു അല്ലാഹു(ത) ക്ഷമ പ്രദാനം ചെയ്യുകയുണ്ടായി. അല്ലാഹു(ത) വിശു

ദ്ധഖുർആനിൽ പറയുന്നു. എന്നിട്ട് ബലഹീനരായി ഗണിക്കപ്പെട്ടിരുന്ന ജനങ്ങൾക്ക് നാം അനുഗ്രഹിച്ച നാടിന്റെ പൂർവ്വദേശങ്ങളും പശ്ചിമ ദേശങ്ങളും അനന്തരാവകാശമായി നാം നല്കുകയും ചെയ്തു. ഇസ്റാ യീൽ സന്തതികൾ സ്ഥിരചിത്തരായി നിന്ന കാരണത്താൽ നിന്റെ നാഥന്റെ ഏറ്റവും നല്ല വചനം (വാഗ്ദാനം) അവരിൽ (സത്യ മായിപ്പുലർന്ന്) പൂർത്തിയായി (7:138)

നിങ്ങൾ അറിയുക, ജാഹിലിയ്യാ കാലഘട്ടത്തിൽ, തിരുനബി (സ) യുടെ ജനനത്തിന് മുൻപ് അബ്റഹയിൽ നിന്നും അവന്റെ ആനക ളിൽ നിന്നും രക്ഷപ്പെടാനായി മക്കാവാസികൾ മക്കയിൽ നിന്ന് പലാ യനം ചെയ്യുകയുണ്ടായി. പ്രസ്തുത ഏകാധിപതിയിൽ നിന്നും കഅ്ബ നിസ്സാഹായതയിലായി. പ്രസ്തുത സാഹചര്യത്തിൽ അല്ലാ ഹു(ത) സ്വയം കഅ്ബയുടെ സരംക്ഷകനായി, പക്ഷികളെയും കല്ലു കളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് ! അല്ലാഹുവിന് എതിരുപ്ര വർത്തിക്കുന്നവർ, അവന്റെ കോപത്തിന് പാത്രമാകുന്നവർ തീർച്ച യായും അവർ സ്വയം നാശമടയുന്നതാണ്. നിരാശയുടെ ഇരുട്ടിൽ ആപതിക്കുന്നതാണ്. അനന്തമായ ശിക്ഷയ്ക്ക് പാത്രീഭവിക്കുന്നതു മാണ്.

ആത്മാവിന്റെ മഹത്വം എന്നത്, അത്, അവൻ സ്വയം പ്രതിരോ ധിക്കുകയല്ല ചെയ്യുന്നത്. മറിച്ച് അല്ലാഹുവിനോടുള്ള ഭയത്താൽ പ്രസ്തുത സംരക്ഷണം വന്നെത്തുകയാണ്. ഒരാൾ പരിധിവിട്ടു പോകു വാൻ ഭയപ്പെടുന്നു. അതു അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാനല്ല. ഒരുവൻ ഭയപ്പെടുന്നു അതായത് അവൻ സ്വയം പ്രതിരോധിക്കുന്നതി ലൂടെ, അത്, അവന് നല്ലതല്ലാതായേക്കാം എന്ന് ! ഇത് നമുക്ക് വ്യക്ത മായും ആദം (അ)ന്റെ മകൻ ഹാബിലിന്റെ കഥയിലൂടെ മനസ്സിലാകു ന്നതാണ്. അല്ലാഹു(ത) ഹാബീലും, (ആബേൽ) കുറ്റവാളിയായ സഹോദരൻ ഖാബീലും (കായേൻ) തമ്മിലുള്ള സംഭാഷണം ഇവിടെ

എടുത്തുപറയുന്നു. (അതിനാൽ) എന്നെ വധിക്കാനായി എന്റെ നേരെ നീ നിന്റെ കൈനീട്ടിയാലും, നിന്നെ വധിക്കാനായി നിന്റെ നേരെ ഞാൻ എന്റെ കൈ നീട്ടുകയില്ല. തീർച്ചയായും സർവ്വലോക പരിപാലകനായ അല്ലാഹുവിനെ ഞാൻ ഭയപ്പെടുന്നു. (5: 29)

എത്ര മനോഹരമായ ഉത്തരമാണ് ഹാബീൽ തന്റെ അക്രമിയായ അസൂയാലുവായ സഹോദരനോട് പറഞ്ഞത്. അവർ രണ്ടും അല്ലാഹു (ത)യ്ക്ക ബലിഅർപ്പണം നടത്തുവാൻ ആഗ്രഹിച്ചു. എന്നാൽ അവർ രണ്ടും പേരും അർപ്പിച്ച അർപ്പണത്തിന്റെ രീതിക്ക് വളരെ വ്യത്യാസമുണ്ടായിരുന്നു. ഒരാൾ നിർവ്വഹിച്ചത് നിഷ്ക്കളങ്കമായ നിലയിലായിരുന്നു. സത്യസന്ധമായ നിലയിലായിരുന്നു. അല്ലാഹുവിനെ ഭയന്നുകൊണ്ടായിരുന്നു. എന്നാൽ മറ്റേ ആൾ അത് നിർവ്വഹിച്ചത് സ്വന്തം ഗരിമകാണിക്കുവാനായിരുന്നു, അസൂയയാലായിരുന്നു, അവന് വിജയിക്കണമെന്നു മാത്രമായിരുന്നു വിചാരം! വിജയിക്കുവാനായി അവനെന്തും ചെയ്യുവാൻ തയ്യാറായിരുന്നു. അതിനായി അവന്റെ സ്വസഹോദരനെ കൊല്ലാൻ പോലും തയ്യാറായിരുന്നു. അവന്റെ പ്രസ്തുത എതിർപ്പിന് അല്ലാഹു സാക്ഷി ആയിരുന്നു. അല്ലാഹു(ത) ഹാബീലിന്റെ ത്യാഗത്തേയും സത്യതയേയും സ്വീകരിച്ചു. അതൊരു സമ്പൂർണ്ണ ത്യാഗം തന്നെ ആയിരുന്നു. കാരണം അല്ലാഹുവിന്റെ മാർഗത്തിലെ പ്രഥമ രക്തസാക്ഷിത്വം ആയിരുന്നു അത്!

ഒടുവിൽ, ഒരു ഹദീസ് ഇതിന് തെളിവാനായി നല്കപ്പെട്ടിരിക്കുന്നു. ഇമാം അഹ്മദ് (റ) രചിച്ച മുസ്നദ് അഹ്മദ്ൽ ഇത് കാണാവുന്നതാണ്. അബൂബക്കർ(റ)നെ ഒരാൾ കുറ്റപ്പെടുത്തികൊണ്ടിരിക്കുകയായിരുന്നു. അത് തിരുമേനി(സ)യുടെ തിരുമുമ്പിൽ വെച്ചായിരുന്നു. അബൂബക്കർ (റ) നിശ്ശബ്ദനായിരുന്നപ്പോൾ, തിരുമേനി(സ) പ്രസ്തുത നടപടിയെ അഭിനന്ദിച്ചുകൊണ്ട് പുഞ്ചിരിതൂകി കൊണ്ടിരുന്നു. അബൂബക്കർ (റ) അക്ഷമനായി മോശംവാക്കുകളാൽ പ്രതികരിക്കുവാൻ തുടങ്ങിയപ്പോൾ പ്രവാ

ചകൻ (സ) കോപാകുലനായി. എന്നിട്ട് പ്രസ്തുത സ്ഥലം വിട്ടുപോയി. പിന്നീട് അബൂബക്കർ (റ) ഇത് സംബന്ധമായി ഒരു വിശദീകരണം ആരായുകയുണ്ടായി. അപ്പോൾ നബിതിരുമേനി(സ) പ്രതിവചിച്ചു. നിങ്ങൾ നിശ്ശബ്ദനായിരുന്നപ്പോൾ നിങ്ങൾക്ക് അനുകൂലമായി മറുപടി പറയുവാൻ അല്ലാഹു (ത) ഒരു മലക്കിനെ നിയോഗിക്കുകയുണ്ടായി. എന്നാൽ നിങ്ങൾ പ്രതികരിച്ചപ്പോൾ അവിടെ സാത്താൻ എത്തിച്ചേർന്നു. സാത്താനോടൊപ്പം ഇരിക്കുന്നത് എനിക്ക് പന്തിയായി തോന്നിയില്ല. അതുകൊണ്ടാണ് ഞാനവിടം വിട്ടത്.

നോക്കൂ! നിശ്ശബ്ദത എത്ര മഹനീയമാണെന്ന്! നിശ്ശബ്ദതയിൽ വളരെ വലിയ പ്രയോജനങ്ങൾ അടങ്ങികിടക്കുകയാണ്! ഇക്കാരണത്താൽ അല്ലെങ്കിൽ മറ്റൊരു കാരണത്താൽ, അബൂബക്കർ(റ) അദ്ദേഹത്തിന്റെ വായിൽ ഒരു ചെറിയ കല്ലിടുന്ന സ്വഭാവമുണ്ടാക്കി എടുത്തു. പിന്നീട് ഖേദിക്കേണ്ടി വരുന്ന കാര്യങ്ങൾ പറയാതിരിക്കാനായി!

അല്ലാഹു(ത) എപ്പോഴും നമ്മെ അവന്റെ സ്നേഹഭാജനങ്ങായി കരുതട്ടെ! നമ്മുടെ നാവുകളെ സൂക്ഷിക്കുവാൻ അവൻ നമ്മെ സഹായിക്കട്ടെ! നാം നന്മയിലാണെങ്കിലും അഥവാ നമ്മുടെ ഭാഗം ശരിയാണെങ്കിലും! കാരണം നാം അല്ലാഹുവിന്റെ അതിശക്തമായ സഹായം അന്വേഷിക്കുന്നവരാണ്. ശത്രുക്കളുടെ നേരെയും അവരുടെ ഗൂഢതന്ത്രങ്ങൾക്കു നേരെയും, അവരുടെ പരിഹാസങ്ങൾക്ക് നേരെയും! ഇൻശാ അല്ലാഹ്! ആമീൻ.

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*